# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 14 May 2000 No. 2

## എഡിറ്റോറിയൽ

ലോകത്തു ജീവിക്കുന്ന മനുഷ്യർക്കു ഇന്നു വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കൂടുതൽ ബോധ്യപ്പെടുത്തേണ്ടതില്ല. കാരണം അറിവില്ലായ്മയുടെ ഫലം സമൂഹം വളരെ അനുഭവിച്ചു കഴിഞ്ഞു. ഓരോ വർഷവും പുതിയ കുട്ടികളും അല്ലാത്തവരുമായ കുട്ടികൾ വിദ്യാലയങ്ങളിൽ എത്തുന്നുണ്ട്. പല വിധത്തിലുള്ള മാനസിക നിലവാരവും സ്വഭാവവും ഉള്ളവരുടെ ഒത്തുചേരലാണ് സ്കൂൾ, കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾ. മാതാപിതാക്കൾക്കു തങ്ങളുടെ കുട്ടികൾ അവരേക്കാൾ അറിവുള്ളവരാകണം എന്ന ചിന്താഗതിക്കാരാണ്. ഈ ആഗ്രഹം നല്ലതല്ല എന്നു ആർക്കും പറയാൻ കഴിയുകയില്ല. പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ പഠനത്തിനും ഇന്നു ധാരാളം സൗകര്യങ്ങൾ ഉണ്ട്. വിജ്ഞാനം വിനോദത്തിലൂടെ നേടിയെടുക്കാമെന്ന കണ്ടെത്തലും പരീക്ഷണവും നടന്നുകൊണ്ടിരിക്കുന്നു. പരീക്ഷണങ്ങൾ നല്ലതാണ്. പക്ഷെ അതിന്റെ ഗുണവും ദോഷവും തരം തിരിച്ച് മനസിലാക്കിയിട്ടു വേണം ആരംഭിക്കുവാൻ. അതു കൂടാതെ തുടങ്ങുമ്പോൾ പരാതികളും പരിഭവവും പഴിയും ഉണ്ടാകും. കുട്ടികളെ പഠിപ്പിക്കേണ്ടതും ആവശ്യമായതുമായ സംഗതികൾ പലതുണ്ട്.

വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ പല വിവാദങ്ങൾക്കും തിരികൊളുത്തിയിട്ടുണ്ട്. ലക്ഷ്യവും അതി

ന്റെ ഫലവും ദീർഘവീക്ഷണത്തോടെ നാം കാണണം. പണ്ടു ബ്രിട്ടീഷ് ഭരണകാലത്തു ആരംഭിച്ചതായ കണക്കെഴുത്തിനുവേണ്ടി ആരംഭിച്ച വിദ്യാഭ്യാസ സമ്പ്രദായത്തെ മാററി ഉപകാരപ്രദമായ രീതിയിലേക്കു കൊണ്ടുവരണം. അതിനാണ് ഉദ്യോഗാർത്ഥ മേധാവികളും പണ്ഡിതന്മാരും ശ്രമിക്കേണ്ടതു. കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന വാസനകൾ കണ്ടെത്താൻ സഹായകരമായ പഠന സമ്പ്രദായം ഒരുക്കണം. അതിനാവശ്യമായ വിദഗ്ധ സമിതികൾ രൂപപ്പെടുത്തണം. അല്ലാതെ കുട്ടികളെ കുറെ കളിപ്പാട്ടങ്ങൾ കൊടുത്തുകൊണ്ടു അതിന്റെ ഉപയോഗങ്ങൾ മാത്രം കണ്ടുപിടിക്കാവുന്നതല്ല എല്ലാ കഴിവുകളും. ഏതാനും കഴിവുകൾ അങ്ങനെ കണ്ടുപിടിക്കാം എന്നതു സമ്മതിക്കുന്നു. അതിനപ്പുറത്തേക്കു നാം കടക്കണം. ചിന്ത പ്രായോഗികമാക്കാൻ അവർക്കു കഴിയണം. പലതും അവർ പഠിക്കുന്നതു അവരുടെ ജീവിതത്തിനു യാതൊരു പ്രയോജനവും ചെയ്യാറില്ല എന്നതാണ് വാസ്തവം. ഇതു പറയുമ്പോൾ ഞാൻ ഒരു നിരൂപകനായോ വിമർശകനായോ തീർന്നു എന്നു ധരിക്കരുത്. ഇന്നത്തെ നമ്മുടെ കുട്ടികളാണല്ലോ പിന്നീട് ഭാവിയെ സ്വീകരിക്കുന്നവർ. അതുകൊണ്ടു അവരെ ശരിയായ രീതിയിൽ നാം വളർത്തിയെടുക്കണം.

വിദ്യാലയങ്ങളിൽ അവർക്കു കിട്ടേണ്ട നീതി ബോധവും പെരുമാററ രീതികളും അവരിൽ നിന്നു അകന്നു പോയിരിക്കുന്നു എന്നു പറയാം. അറിവു നമ്മെ ഉയർത്തുന്നതാണ്. കുട്ടികളുടെ സ്വഭാവ രൂപീകരണം, മററുള്ളവരോടുള്ള സമീപനം ജീവിത ശൈലി, തിരഞ്ഞെടുക്കേണ്ടതായ കാര്യങ്ങൾ എന്നിവയും മററും പഠന വിഷയങ്ങളിൽ ഉൾപ്പെടുത്തണം. ബാല്യത്തിലേ അവർക്കു കിട്ടേണ്ടതായ ഈ അറിവു കിട്ടിയാൽ അവർ അവരുടെ ഭാവിയിൽ അതു പ്രായോഗികമാക്കും.

★

# ആദിയിൽ നിന്നും

## J.C. ചോട്ട്

മതപരമായ ഒരു വലിയ സമൂഹം തന്നെ ആത്മീയ കാര്യങ്ങളിൽ പലതിലും തെററിദ്ധാരണ വച്ചു പുലർത്തുന്നവരാണ്. അവർ അതു വിശ്വസിക്കയും മററുള്ളവരെ അതു പഠിപ്പിക്കയും ചെയ്യുന്നുണ്ട്. അതിലൊന്നാണ് പരിശുദ്ധാത്മ സ്നാനം. കർത്താവിനെ രക്ഷകനായി സ്വീകരിക്കുന്ന എല്ലാവർക്കും ഇതു കിട്ടുമെന്നു വിശ്വസിക്കുന്നവരാണ് ഇക്കൂട്ടർ. ഈ തെററിദ്ധാരണയോടൊപ്പം തന്നെ അന്യഭാഷയും തെററായി ധരിച്ചു വെച്ചിട്ടുണ്ട്, അതോടുകൂടെ നില്ക്കുന്ന മറെറാരു വിഷയമാണ് അത്ഭുതങ്ങൾ. ഈ അവകാശം ഉന്നയിക്കുന്ന ആളുകൾക്കു അമാനുഷികമായി യാതൊന്നും പ്രവർത്തിക്കാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം. കണ്ണില്ലാത്തവർക്കു കാഴ്ച കൊടുക്കാനോ അംഗവൈകല്യം സംഭവിച്ചവർക്കു ആ അവയവം യഥാസ്ഥാനപ്പെടുത്തി കൊടുക്കാനോ ഇവർക്കു സാദ്ധ്യമല്ല. കാൽ നഷ്ടപ്പെട്ടവർക്കോ കൈ നഷ്ടപ്പെട്ടവർക്കോ അതു തിരികെ കൊടുക്കാൻ ഇവർക്കു കഴിയുന്നില്ല. മരിച്ചവർക്കു ജീവൻ കൊടുക്കാനും സാദ്ധ്യമല്ല.

അത്ഭുത രോഗശാന്തി എന്ന പേരിൽ അത്ഭുത പ്രവർത്തികൾ നടക്കുന്നു എന്നു ഏതാനും പേർ അവകാശപ്പെടാറുണ്ട്. എന്നാൽ അവർക്കു ചെയ്യാൻ കഴിയാത്ത അത്ഭുതങ്ങളുടെ കാര്യം പറഞ്ഞാൽ അതിനെല്ലാം അവർക്കു ഒഴിവു കഴിവുകൾ നിരത്താനുണ്ടാകും. കർത്താവും അപ്പൊസ്തലന്മാരും ചെയ്ത അത്ഭുതങ്ങൾ മററവർക്കും ചെയ്യാൻ പററുകയില്ല. അതിന്റെ ആവശ്യമില്ല. ചിലർ പറയാറുള്ളത്, അവിടെ അങ്ങനെ നടന്നു, ആർക്കും അറിഞ്ഞുകൂടാത്ത ഏതെങ്കിലും സംഭവത്തെ എടുത്തു പറഞ്ഞു ആളുകളെ വിശ്വസിപ്പിക്കുന്നതു വിരോധാഭാസം ആണ്. ഉദാഹരണമായി പറഞ്ഞാൽ തലവേദനയോ, നടുവേദന

യോ, കാൻസറോ ഒക്കെ സൗഖ്യമായി എന്നു അവർ പറഞ്ഞേക്കാം. പക്ഷെ അതു ആർക്കും കാണാവുന്നതല്ലല്ലൊ. ജന്മനാ അന്ധനായിരിക്കുന്ന ഒരാളെയോ അംഗവൈകല്യം നേരിട്ട ഒരാളെയോ സൗഖ്യമാക്കുകയാണെങ്കിൽ അതു വാസ്തവത്തിൽ അത്ഭുതം തന്നെയാണ്. അങ്ങനെ സൗഖ്യമായാൽ അതു റേഡിയോ, ററി വി., പേപ്പർ തുടങ്ങിയ മാദ്ധ്യമങ്ങളിൽ വരിക തന്നെ ചെയ്യും.

ഈ കലക്കവും തെററിദ്ധാരണയും അകററാൻ നാം ഈ ചോദ്യം ചോദിക്കേണ്ടിയിരിക്കുന്നു. ആരോടാണ് പരിശുദ്ധാത്മ സ്നാനം വാഗ്ദാനം ചെയ്തതു ? ക്രിസ്തു അപ്പൊസ്തലന്മാരോടു പറഞ്ഞതു: എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും എന്നാണ് (യോഹന്നാൻ 14:26). വീണ്ടും അവൻ പറയുന്നു: എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു. ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം: ഞാൻ പോകാഞ്ഞാൽ; കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും (യോഹന്നാൻ 16:7).

ആരോടാണ് യേശു സംസാരിക്കുന്നത് ? അപ്പൊസ്തലന്മാരോട് ആണ്. താൻ പിതാവിന്റെ അടുക്കൽ മടങ്ങി പോയതിനുശേഷം തന്റെ ജോലി നിർവ്വഹിക്കുവാൻ പ്രത്യേകമായി തെരഞ്ഞെടുത്ത ശിഷ്യന്മാരോടാണ് പ്രസ്താവിച്ചത്. പൊതുവായി അവൻ പുരുഷാരത്തോടല്ല പറഞ്ഞതു. തുടർന്നുണ്ടാകുവാനിരിക്കുന്ന തലമുറകളിൽ തന്നെ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയുമല്ല സംസാരിച്ചതു. ഈ വാഗ്ദാനം അവൻ തിരഞ്ഞെടുത്ത പന്ത്രണ്ടുപേർക്കു പ്രത്യേകമായിട്ടുള്ളതായിരുന്നു.

ക്രിസ്തു അപ്പൊസ്തലന്മാരോടു തുടർന്നു പറയുന്നതു: പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ അപ്പൊസ്തലന്മാരിൽ വരുമ്പോൾ അവൻ ക്രിസ്തുവിനെ കുറിച്ചു സാക്ഷ്യപ്പെടുത്തുമെന്നും സത്യത്തിന്റെ ആത്മാവ് അവർക്കു ലഭിക്കുമ്പോൾ അവർ ഭൂമിയുടെ അററത്തോളം അവന്റെ സാക്ഷികൾ ആകും. കാരണം അവർ ആരംഭം മുതൽ അവനോടുകൂടെയുണ്ടായിരുന്നു (യോഹന്നാൻ 15: 26-27). (ശ്രദ്ധിക്കേണ്ട കാര്യം, ക്രിസ്തു ഈ വാഗ്ദാനം നല്കിയതു അപ്പൊസ്തലന്മാർക്കാണ്. അവർ അവന്റെ പ്രാരംഭഘട്ടം മുതൽ അവനോടൊപ്പം ഉണ്ടായിരുന്നു. ആ പ്രസ്താവനയിൽ അന്നത്തെ എല്ലാവരും ഉൾപ്പെടുന്നില്ല. അതുപോലെ ഇന്നുള്ളവരും ഉൾപ്പെടുന്നില്ല. അവന്റെ ഭൗമിക ശുശ്രൂഷയിൽ നാം ആരും അവരോടൊപ്പം ആദ്യം മുതൽ ഉണ്ടായിരുന്നില്ലല്ലൊ.

യേശു തിരഞ്ഞെടുത്ത പന്ത്രണ്ടുപേരിൽ ഒരാളായിരുന്നു യൂദാ. എന്നാൽ അവൻ യേശുവിനെ ഒററിക്കൊടുത്തു. തൽഫലമായി അവൻ കെട്ടിതൂങ്ങി ചത്തു. പിന്നീട് യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കുശേഷം അവൻ സ്വർഗ്ഗാരോഹണം ചെയ്തു. ആകയാൽ യൂദായ്ക്കു പകരം മറെറാരാളെ കണ്ടെത്തേണ്ടതു അപ്പൊസ്തലന്മാർക്കു ആവശ്യമായി തീർന്നു. യോഹന്നാൻ സ്നാപകന്റെ നാൾ മുതൽ യേശുവിനോടു കൂടെ നടന്നിരുന്നവരും അവന്റെ ഉയിർപ്പിനു സാക്ഷ്യം വഹിച്ചവരുമായ ആളുകളിൽ നിന്നത്രെ ഒരുവനെ അവർ ചീട്ടിട്ട് എടുക്കുന്നത് (പ്രവൃത്തി 1:21-26).

ആരെയെങ്കിലും വെറുതെ അപ്പൊസ്തലനായി തിരഞ്ഞെടുക്കാവുന്നതല്ല. യേശു യോഹന്നാനാൽ സ്നാനമേൽക്കുന്നതുതൊട്ടു അവന്റെ ഭൂമിയിലെ ജീവിതാവസാനം വരെ അവനോടുകൂടെ സഞ്ചരിച്ചവർ തന്നെ വേണം.

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു തൊട്ടുമുൻപ് ഒലിവു മലയിൽ യേശു തൻെറ ശിഷ്യന്മാരെ ഒരുമിച്ചു കൂട്ടി പറഞ്ഞതു: നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപോകാതെ എന്നോടു പിതാവിൽ നിന്നുകേട്ട വാഗ്ദാനത്തിനായി കാത്തിരിപ്പിൻ എന്നത്രെ. ശക്തി ധരിക്കുവോളം നഗരത്തിൽ തന്നെ പാർപ്പിൻ എന്നു പറഞ്ഞു (ലൂക്കോസ് 21:49). വീണ്ടും അവൻ പറഞ്ഞതു: പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിൽ തുടങ്ങി യെഹൂദ്യ, ശമര്യ എന്നീ പട്ടണങ്ങളിലും ഭൂമിയുടെ അററത്തോളവും എൻെറ സാക്ഷികൾ ആകും എന്നാണ് (പ്രവൃത്തി 1:8).

യേശു ഇതു പറയുന്നതു അപ്പൊസ്തലന്മാരോടാണ് എന്നതു തർക്കമററ കാര്യമാണ്. പൊതുവായി എല്ലാവരോടുമല്ല; പിൻതലമുറക്കാർക്കുമല്ല.

സഭ ആരംഭിച്ച ദിവസം അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ സ്നാനം ഏററു എന്ന കാര്യം എല്ലാവരും സമ്മതിക്കും. അതിൻെറ ഫലമായി മാനസാന്തരപ്പെട്ടു വെള്ളത്തിൽ സ്നാനമേററവരിൽ ദൈവം തൻെറ ആത്മാവിനെ ദാനമായി നല്കി (പ്രവൃത്തി 5:32). പക്ഷെ ഇതിൽ അത്ഭുത ശക്തി അടങ്ങിയിട്ടില്ല. വളരെ നാളുകൾക്കു ശേഷം ജാതികൾ ദൈവ വചനം കേട്ടപ്പോൾ അവരും പരിശുദ്ധാത്മ സ്നാനം ഏല്ക്കുകയുണ്ടായതു പത്രൊസ് വിവരിക്കുന്നുണ്ട് (പ്രവൃത്തി 11:15-18). അത്തരം പരിശുദ്ധാത്മ സ്നാനം നമുക്കു ദൈവം വാഗ്ദാനം ചെയ്തിട്ടില്ല. നമുക്കു പരിശുദ്ധാത്മ സ്നാനം ലഭിക്കുകയുമില്ല.

★

# പാരമ്പര്യമോ സത്യമോ ?

**ഡെന്നിസ്. ജി.**

പാരമ്പര്യമെന്ന വാക്കിന്റെ അടിസ്ഥാനപരമായ അർത്ഥം കൈമാറി ഏല്പിക്കൽ എന്നതാണ്. ഒരാളിൽ നിന്നു മറ്റൊരാളിലേക്കു മാറി മാറി കിട്ടുന്ന ഒന്നാണ് പാരമ്പര്യം. നിർദ്ദേശങ്ങളോ വിവരങ്ങളോ വാക്കുകളാൽ കേട്ടു പിൻപറ്റുന്നതും ഇതിൽ ഉൾപ്പെടും. അതു തലമുറകൾ തമ്മിൽ കൈമാറി വരുന്നുമുണ്ട്. പെരുമാറ്റം, ചിന്താ മാതൃക, ആചാരം എന്നിവ സ്ഥിരീകരിച്ച് പരമ്പരാഗതമായി തീരുന്നതിനെ പാരമ്പര്യം എന്നു നിഘണ്ടു വിവരിക്കുന്നുണ്ട്.

ബൈബിളിൽ പറയുന്ന പാരമ്പര്യത്തിനും മുകളിൽ പറഞ്ഞ അർത്ഥം തന്നെയാണ്. മോശെയുടെ ന്യായപ്രമാണത്തെ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന ഗുരുക്കൻമാരിൽ നിന്നും കൈമാറി വന്ന ഉപദേശത്തെയാണ് പാരമ്പര്യമെന്നു വിവക്ഷിച്ചിരിക്കുന്നതു. ഉദാഹരണമായി സീനായ് പർവ്വതത്തിൽ വെച്ചു ദൈവം നല്കിയ ന്യായപ്രമാണത്തെ പഠിപ്പിച്ചിരുന്ന ശാസ്ത്രിമാർ, ന്യായപ്രമാണത്തിലെ പൊതുവായ തത്വങ്ങളിൽ നിന്നു അവരുടെ നിഗമനങ്ങളെ അവർ പ്രായോഗികമാക്കാൻ തുടങ്ങി. കാലങ്ങൾ കടന്നു പോയതോടെ സാമർത്ഥ്യമുള്ള കുശാഗ്രബുദ്ധിക്കാർ വരികയും മുൻപുണ്ടായിരുന്ന ഗുരുക്കന്മാരുടെ വ്യാഖ്യാനങ്ങൾ കൂടുതൽ പ്രകാശിപ്പിക്കാൻ സഹായിക്കുമെന്നു വരുത്തി തീർക്കയും ചെയ്തു. ഈ വിവരങ്ങളുടെ വിവരണവും ആവശ്യമെന്നു അവർ ഊഹിച്ചു. അങ്ങനെ ഊഹാപോഹങ്ങൾ യാഥാർത്ഥ്യമെന്നു അവർ വരുത്തി തീർത്തു. അതിനുള്ള സ്വാതന്ത്ര്യം അവർ ആർജിച്ചെടുത്തു.

യേശുക്രിസ്തു ഈ ഭൂമിയിൽ വന്നപ്പോൾ നിലവി

ലുണ്ടായിരുന്ന പഴയ നിയമത്തോടു തുല്യമായോ അതിനേക്കാൾ അധികാരമായോ പാരമ്പര്യമായ മാനുഷിക കല്പനകൾ പ്രചാരത്തിലിരുന്നു. അതിനു യെഹൂദന്മാർ ഉത്തരം പറയേണ്ടി വന്നു. പഴയ നിയമ ന്യായപ്രമാണത്തെ സംബന്ധിച്ച ഈ സമ്പ്രദായത്തെ താർഗും എന്നാണ് വിളിച്ചിരുന്നതു. കല്ദായരുടെ, രൂത്തിന്റെ പുസ്തകവ്യാഖ്യാനത്തിൽ പാലിക്കേണ്ട 613 വഴികൾ കണ്ടെടുത്തിട്ടുണ്ട്. അതിനാൽ അന്നത്തെ ഗുരുക്കൻമാർ കണ്ടെത്തിയ 613 വഴികളിൽ 365 എണ്ണം നിഷേധാത്മകവും 248 എണ്ണം ക്രിയാത്മകവുമാണ്. ഇവ വർഷത്തിൽ ഓരോ ദിവസം എന്ന കണക്കിനും ശരീരത്തിലെ ഓരോ ഭാഗം എന്ന കണക്കിനുമായി അവർ പഠിപ്പിച്ചിരുന്നു. അതുകൊണ്ടാണ് യേശു യെഹൂദരോട്: നിങ്ങൾ നിങ്ങളുടെ സമ്പ്രദായങ്ങൾ കൊണ്ടു ദൈവ കല്പനകളെ ദുർബ്ബലമാക്കുന്നു എന്ന് (മർക്കൊസ് 7:6-9).

പാരമ്പര്യം, പാരമ്പര്യമായതുകൊണ്ടല്ല തെററാകുന്നതു. എന്നാൽ അവ ദൈവ വഴിക്കു തുല്യമായി കരുതുകയോ പഠിപ്പിക്കുകയോ ചെയ്യുമ്പോൾ അതു തെററായി തീരുന്നു. നാം അനുവർത്തിച്ചു പോരുന്ന ചില സമ്പ്രദായങ്ങൾ നോക്കിയാൽ അവയിൽ തന്നെ തെററൊന്നുമില്ല എന്നു തെളിയുന്നു. ഉദാഹരണമായി ക്രിസ്തുവിന്റെ സഭകളിലെ ആരാധനാ ക്രമങ്ങൾ ഓരോ സ്ഥലത്തും പരിശോധിച്ചാൽ മനസിലാകും. ഓരോ മാതൃക ഓരോ സ്ഥലത്തും ഉണ്ടായിരിക്കും. ആ മാതൃകയെ ആരെങ്കിലും ശല്യപ്പെടുത്തിയാൽ നിങ്ങൾ ആളുകളെ ശല്യപ്പെടുത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നതു. എന്നാൽ നമ്മുടെ ആരാധനാ ക്രമത്തെ കുറിച്ചു ദൈവം ബൈബിളിൽ വെളിപ്പെടുത്തിയിട്ടില്ല. എങ്ങനെ ആരാധിക്കണം എന്നു പറഞ്ഞിട്ടുണ്ട്.

(ശേഷം അടുത്ത ലക്കത്തിൽ)

★

# സത്യാരാധന

നോർമൻ ഫീൽഡ്സ്

മനുഷ്യ സ്വഭാവം എങ്ങനെയായിരിക്കണമെന്നു ദൈവം എപ്പോഴും നിർദ്ദേശിച്ചിട്ടുണ്ട്. അതോടൊപ്പം അവനു പിൻപററുവാൻ ഒരു വ്യക്തമായ പാതയും വെച്ചിട്ടുണ്ട്. ലോകാരംഭം മുതൽ തന്നെ മനുഷ്യരുടെ സ്വഭാവത്തിനും ആരാധനക്കും വേണ്ടതായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. ഉദാഹരണമായി കയ്യീൻ, ഹാബേൽ എന്നിവരുടെ ജീവിതത്തിൽ അവരുടെ പെരുമാററത്തിനും സ്വഭാവനിയന്ത്രണത്തിനും ഒരു മാതൃക വെച്ചിരുന്നു. കയ്യീനും ഹാബേലും ദൈവത്തിനു വഴിപാട് അർപ്പിച്ചതായി ഉല്പത്തി 4:3-ൽ നാം വായിക്കുന്നു. എന്നാൽ ദൈവം ഹാബേലിലും അവൻെറ വഴിപാടിലും പ്രസാദിച്ചു എന്നും കയ്യീൻെറ വഴിപാടിലും അവനിലും പ്രസാദിച്ചില്ല എന്നും അവിടെ പറയുന്നു. എന്തുകൊണ്ടു ഹാബേലിൻേറതു സ്വീകരിക്കയും കയ്യീൻേറതു തിരസ്ക്കരിക്കയും ചെയ്തു ? കാരണം പുതിയ നിയമത്തിൽ പറയുന്നുണ്ട്. ഹാബേൽ തൻെറ വഴിപാട് വിശ്വാസത്താൽ അർപ്പിച്ചു. എന്നാൽ കയ്യീൻ വിശ്വാസം കൂടാതെയും. അതുകൊണ്ടു രണ്ടിൻേറയും ഫലം വ്യത്യസ്ഥമായി.

ദൈവം കല്പിച്ചിട്ടുള്ള ആരാധനയെയും സ്വഭാവത്തെയും പററി പഠിക്കുമ്പോൾ കയ്യീൻേറയും ഹാബേലിൻേറയും ഉദാഹരണം നമ്മെ എന്തു പഠിപ്പിക്കുന്നു ? അപ്പൊസ്തലനായ പൌലൊസ് പറയുന്നു; വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിൻെറ വചനത്താലും വരുന്നു (റോമർ 10:17). അതായതു ദൈവം പറഞ്ഞിട്ടുള്ള രീതിയിൽ ഒരു കാര്യം ചെയ്യുന്നതും മറെറാരു വിധത്തിൽ ചെയ്യുന്നതും രണ്ടും രണ്ടാണ്. കയ്യീൻേറതു നിഷേധി

ക്കുവാനും ഹാബേലിന്റേതു സ്വീകരിക്കുവാനും ഉള്ള കാരണം ഇപ്പോൾ വ്യക്തമായല്ലോ. നമ്മുടെ ജീവിത ശൈലിയനുസരിച്ച് ദൈവത്തിന്റെ ചട്ടങ്ങളെ മാററാവുന്നതല്ല. വ്യക്തികൾക്കു ദൈവം കൊടുത്തിരിക്കുന്ന കല്പനയായാലും ഒരു ദേശത്തിനോ സമൂഹത്തിനോ കൊടുത്തിരിക്കുന്നതായാലും ആ മാതൃക അങ്ങനെ തന്നെ അവർ അനുസരിക്കണം.

ഇസ്രായേൽ ദേശത്തോടും ദൈവം അരുളിച്ചെയ്തിട്ടുള്ള കാര്യങ്ങൾ അതാണ് നമ്മെ പഠിപ്പിക്കുന്നതു. അവരുടെ സ്വഭാവവും ആരാധനയും ദൈവഹിത പ്രകാരം ആയിരിക്കണമെന്നു പുറപ്പാട്, ലേവ്യം, സംഖ്യാ, ആവർത്തന പുസ്തകം എന്നീ പുസ്തകങ്ങൾ മനസിരുത്തി വായിച്ചാൽ ഏവർക്കും ഗ്രഹിക്കാം. എങ്ങനെ അവർ ഭക്ഷിക്കണം, അന്യോന്യം എങ്ങനെ പെരുമാറണം, സ്വദേശിയായാലും വിദേശിയായാലും അവരോടുള്ള സമീപനം എപ്രകാരമായിരിക്കണം എന്നു വിശദമായി പ്രതിപാദിച്ചിരുന്നു. ദൈവം അവരോടു പിൻപററുവാൻ പറഞ്ഞ മാർഗ്ഗം അവരിൽ നിന്നു ദൈവം പ്രതീക്ഷിച്ചിരുന്നു. ആരാധനയെ കുറിച്ചും വിശദമാക്കിയിട്ടുണ്ട്. എപ്പോൾ, എങ്ങനെ എവിടെയായിരിക്കണം എന്നെല്ലാം നിർദ്ദേശിച്ചിട്ടുണ്ട്. ജനങ്ങളുടെ ആരാധനയുടെ സ്വഭാവത്തെ പുരോഹിതന്മാരോടും പറഞ്ഞിരുന്നു. മനുഷ്യ ജീവിതം ദൈവത്താൽ അംഗീകരിക്കപ്പെടേണ്ടതിനു ആവശ്യമായ ഘടകങ്ങൾ എല്ലാം ദൈവം വിശദീകരിച്ചിട്ടുണ്ട്.

ഇന്നു ആളുകൾ പറഞ്ഞു കേൾക്കാറുള്ളതു: നിങ്ങൾ എവിടെ ആരാധിച്ചാലും എങ്ങനെ ആരാധിച്ചാലും ശരി,

ആത്മാർത്ഥമായിരുന്നാൽ മതി എന്ന തത്വമാണ്. ഇതു തികച്ചും ദൈവേഷ്ടത്തിനു വിപരീതമാണ്. തന്റെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കാതെ വിടുന്നവനല്ല ദൈവം. ഒരിക്കലും ദൈവം അങ്ങനെ കരുതുന്നില്ല. ദൈവ കല്പന പ്രകാരം വഴിപാട് അർപ്പിക്കാതിരുന്നതു ദൈവം ഗൗരവമായി തന്നെ എടുത്തു (ഉല്പത്തി 4:5). പൗരോഹിത്യ ശുശ്രൂഷയിൽ ദൈവ കല്പനയെ മാനിക്കാതെ പ്രവർത്തിച്ച നാദാബിനും അബീഹൂവിനും സംഭവിച്ചതു ആർക്കെങ്കിലും മറക്കാൻ പററുമോ ? അവർ അഗ്നിക്കിരയായി തീർന്നു (ലേവ്യ 10:1-2). പുരോഹിതന്മാർക്കല്ലാതെ നിയമ പെട്ടകത്തെ തൊടുവാൻ അവകാശമില്ലാതിരിക്കെ, നിയമ പെട്ടകത്തെ സ്പർശിച്ച ഉസായ്ക്കു മരണമാണ് സംഭവിച്ചതു. നിസാരമായ കുററമെന്നു മനുഷ്യർക്കു തോന്നിയേക്കാം. പക്ഷെ ദൈവത്തിനു അതു സാരമായ തെററു തന്നെയാണ് (2 ശമുവേൽ 6:6).

ദൈവത്തിന്റെ കല്പനകൾ അതേ പടി അനുസരിക്കുന്നതു ദൈവം കാര്യമാക്കുന്നില്ലെങ്കിൽ ഈ ആളുകളെ ദൈവം ശിക്ഷിച്ചതെന്തിനു എന്നു ചോദിക്കണം. നമ്മുടെ പൂർവ്വിക പിതാക്കന്മാർക്കും ഇന്നു ജീവിക്കുന്ന നമുക്കും ദൈവം തന്നിട്ടുള്ള രൂപരേഖകൾ അങ്ങനെ തന്നെ നാം സ്വീകരിക്കേണ്ടതിനാണ് ദൃഷ്ടാന്തം പോലും കാണിച്ചു തന്നിരിക്കുന്നതു. നമ്മുടെ മനസിൽ തോന്നുന്നതുപോലെ ചെയ്യേണ്ടതിനല്ല ദൈവം തന്റെ ആജ്ഞകൾ പുറപ്പെടുവിച്ചിരിക്കുന്നത്. ആരാധനയിലും നമ്മുടെ നടപ്പിലും നമ്മുടെ സ്വന്ത വഴികളെ നാം വിട്ടു കളയണം. നമ്മുടെ വിചാരങ്ങൾ അല്ല, ദൈവത്തിന്റെ വിചാരങ്ങൾ. നാം

ഒരിക്കലും ദൈവത്തെ കോപിപ്പിക്കരുത് (യിരെമ്യാവ് 10:23; പ്രവൃത്തി 2:42; കൊലൊസ്യർ 1:23). പുതിയ നിയമ കാലയളവിൽ ജീവിക്കുന്നവർ കർത്താവിന്റെ നിർദ്ദേശങ്ങൾ ജീവിതത്തിൽ പാലിക്കണം. നമ്മുടെ നടപ്പ് അവൻ നടന്നതുപോലെയാകണം. നമ്മുടെ ആരാധന അവന്റെ കല്പന പ്രകാരം ആയിരിക്കണം. പുതിയ നിയമ വ്യവസ്ഥയിൻ പ്രകാരം വിശ്വസിച്ച്, അനുസരിച്ച് ആരാധിച്ച് പോകുമ്പോൾ ദൈവം അതിൽ സംപ്രീതനാകും.

ക്രിസ്തുവിൽ നാം ദൈവത്തെ ആരാധിക്കേണ്ട മാതൃക ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ശമര്യക്കാരി സ്ത്രീയോടു യേശു പറഞ്ഞതു: പിതാവിനെ നമസ്കരിക്കുന്ന നമസ്കാരികൾ അവനെ സത്യത്തിലും ആത്മാവിലും നമസ്കരിക്കേണ്ട നാഴിക വന്നിരിക്കുന്നു എന്നാണ് പറഞ്ഞതു. ഈ മലയിലും ആ മലയിലും, യെരുശലേമിലും അല്ല. സത്യ നമസ്കാരികൾ ദൈവത്തെ സത്യത്തിലും ആത്മാവിലും നമസ്കരിക്കേണം. യേശുവിനാൽ സ്ഥാപിച്ചതായ ആരാധനാരീതി അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും മാതൃകയിലും നമുക്കു കാണാം (പ്രവൃത്തി 2:42). അതൊരു പുതിയ മാതൃകയാണ്. ഒഴിച്ചുകൂടാനാവാത്തതുമാണ് (യോഹന്നാൻ 4:24). ജീവിതത്തിൽ ദൈവമക്കളായി തീർന്നവരുടെ സുപ്രധാന ഭാഗമാണ് ആരാധന.

ആരാധന ശരിയായ വ്യക്തിക്കായിരിക്കണം. ശരിയായ മനോഭാവത്തിൽ ആയിരിക്കണം. നിലവാരം സത്യമായിരിക്കണം. നിങ്ങൾ ദൈവത്തെ ആരാധിക്കുന്നതു ദൈവം സ്വീകരിക്കുമെന്ന് ഉറപ്പുണ്ടോ ? ഇല്ലെങ്കിൽ വചനം പരിശോധിച്ച് തിരുത്തി ദൈവത്തെ പ്രസാദിപ്പിക്കുവാനായി അവന്റെ ഇഷ്ടപ്രകാരം തന്നെ സത്യത്തിൽ ആരാധിക്കുക.

★

വാർത്തകൾ

# വികസനത്തിന് 'വിഷൻ 2020' പദ്ധതി വേണം

കേരളത്തിന്റെ ദീർഘകാല വികസനത്തിനു 'വിഷൻ 2020' പദ്ധതി വേണമെന്ന് ആസൂത്രണ കമ്മിഷൻ. ഇതു സംസ്ഥാന സർക്കാരിന്റെയും ആസൂത്രണ കമ്മിഷന്റെയും സംയുക്ത സംരംഭമാകാമെന്ന് ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷൻ കെ.സി. പന്ത് നിർദേശിച്ചു.

സാമൂഹിക വികസന മേഖലയിലും വികേന്ദ്രീകരണത്തിലും കേരളത്തിന്റെ നേട്ടങ്ങളെ പ്രശംസിച്ച ആസൂത്രണ കമ്മിഷൻ മറ്റു പല രംഗത്തും സംസ്ഥാനം പിന്നോക്കം നിൽക്കുന്നതിനെ വിമർശിച്ചു.

പദ്ധതി ചർച്ചയ്ക്കിടയിൽ കെ.സി. പന്തിന്റെ അഭിപ്രായങ്ങളിൽ നിന്നു പ്രസക്തഭാഗങ്ങൾ താഴെ:

"സംസ്ഥാനത്തിന്റെ സാമ്പത്തികവികസനം മന്ദഗതിയിലാണ്. ഭക്ഷണസാധനങ്ങളുടെ പകുതിയിലേറെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. വർഷങ്ങളായി കൃഷിഭൂമി കുറഞ്ഞുവരികയാണ്. ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വ്യാപ്തി പ്രതിവർഷം 3.58% കണ്ട് കുറഞ്ഞുവരികയാണ്. അഞ്ചു വർഷമായി നെല്ലിന്റെ ശരാശരി ഉത്പാദനക്ഷമത നിശ്ചലമാണ്. പ്ലാന്റേഷൻ രംഗം പൊതുവേ നല്ലതാണെങ്കിലും കയറ്റുമതി വിലയിലെ ഏറ്റക്കുറച്ചിലുകൾ ഇതിനെയും പിടിച്ചുലയ്ക്കുന്നു.

വ്യവസായ വളർച്ചയിലും സംസ്ഥാനം പിന്നിലാണ്. വിനോദസഞ്ചാര മേഖല മാത്രമാണ് അപവാദം. ആ രംഗത്തു പ്രശംസനീയമായ നേട്ടമാണു കൈവരിച്ചിരി

ക്കുന്നത്. സ്വകാര്യ വ്യവസായ നിക്ഷേപത്തിൽ സംസ്ഥാനത്തിനു തൃപ്തിയുണ്ടോ എന്ന് എനിക്കറിയില്ല. വലിയൊരു വിഭാഗം പൊതുമേഖലാസ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കു പ്രതികൂലമായ സംഭാവനയാണു നൽകുന്നത്. വൻകിട, ഇടത്തരം വ്യവസായ മേഖലയിൽ സ്വകാര്യനിക്ഷേപം ഇല്ലാത്തതും ചെറുകിട, കുടിൽ, പരമ്പരാഗത വ്യവസായങ്ങളിൽ വേണ്ടത്ര വികസനമില്ലാത്തതും സംസ്ഥാനത്തു തൊഴിലില്ലായ്മ നിരക്കു കൂട്ടുന്നു.

സംസ്ഥാനത്തെ ജലസേചന, വൈദ്യുതി മേഖലകളെക്കുറിച്ചും ഞങ്ങൾക്ക് ഉത്കണ്ഠയുണ്ട്. പല ജലസേചന പദ്ധതികളും സമയബന്ധിതമായി തീർക്കാതെ പദ്ധതിയിൽനിന്നു പദ്ധതിയിലേക്കു നീളുകയാണ്. വെള്ളത്തിനു നിലവിലിരിക്കുന്ന നിരക്കുകൾ പദ്ധതികൾ നിലനിർത്താനുള്ള ചെലവിന്റെ ചെറിയൊരംശംപോലും ആകുന്നില്ല. വൈദ്യുതി മേഖലകളിൽ പരിഷ്കരണം ഇനിയും നടപ്പാക്കിയിട്ടില്ല. ഭൗതികക്രമങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടാകാമെങ്കിലും വൈദ്യുതി ബോർഡ് നഷ്ടത്തിലാണ്. രാജീവ് ഗാന്ധി ഡ്രിങ്കിങ് വാട്ടർ മിഷൻപ്രകാരം ഗ്രാമീണ ജലവിതരണം, ശുചീകരണം എന്നിവയിലെ പ്രവർത്തനം ദേശീയശരാശരിയിലും താഴെയാണ്.

"കെ എസ് ആർ.ടി.സി. തൃപ്തികരമായി പ്രവർത്തിക്കുന്നുവെന്നു പറയുമ്പോഴും നഷ്ടം വരുത്തുകയാണ്. സാമൂഹിക വികസനത്തിൽ സംസ്ഥാനത്തിന്റെ മികച്ച പ്രകടനത്തെ കമ്മീഷൻ അഭിനന്ദിച്ചു. രാജ്യത്തെ ഏററവും കുറഞ്ഞ ജനനനിരക്കും മരണനിരക്കും കേരളത്തിലാണ്. ശിശുമരണനിരക്കും ഏററവും കുറവാണ്. സ്ത്രീകളുടേത് ഉൾപ്പെടെ സാക്ഷരതാനിരക്ക് ഏററവും കൂടുതൽ കേരളത്തിൽത്തന്നെ.

# പാടങ്ങൾ നികത്തുന്നവർ പിഴയൊടുക്കണം

നെൽവയലുകൾ നികത്തുന്നവരിൽ നിന്ന് പിഴ ഈടാക്കിയാൽ മതിയെന്നും കാർഷിക മേഖലയിൽ നിന്ന് ചുമട്ടുതൊഴിലാളികളെ ഒഴിവാക്കണമെന്നും നെൽകൃഷിയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തു.

കൃഷി, മീൻവളർത്തൽ മേഖലയിൽ ചുമട്ടുതൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുന്നത് കൃഷിച്ചെലവ് കൂടാൻ മാത്രമല്ല, സാമൂഹിക സംഘർഷത്തിനും ഇടയാക്കുമെന്ന് സമിതി വിലയിരുത്തി. ഇത് തടയാൻ കാർഷിക മേഖലയിലെ കയററിറക്കും ചരക്ക് കൊണ്ടുപോകലും കർഷകത്തൊഴിലാളികളെ ഏൽപിക്കണം. സമരോൽസുകരും സംഘടിതരുമായ ചുമട്ടുതൊഴിലാളി യൂണിയനുകൾ കൃഷിക്കാർക്ക് ഏറെ പ്രശ്നങ്ങളും പണനഷ്ടവും ഉണ്ടാക്കുന്നതായി സമിതി നടത്തിയ തെളിവെടുപ്പിൽ കണ്ടെത്തിയിരുന്നു. കുട്ടനാട് മേഖലയിൽ വൈക്കോൽ കയററി അയക്കണമെങ്കിൽ കയററിറക്കും വള്ളക്കൂലിയുമായി വൈക്കോൽ വിലയുടെ മൂന്നിരട്ടിയാണ് ചെലവെന്ന് റിപ്പോർട്ടിൽ പറയുന്നു.

പാടം നികത്തുന്നവരിൽ നിന്ന് നെൽവയലും സമീപപ്രദേശങ്ങളിലെ പുരയിടങ്ങളും തമ്മിലുള്ള വില വ്യത്യാസത്തിന്റെ പകുതിയാണ് പിഴയായി ഈടാക്കേണ്ടത്. പാടം നികത്തുന്നത് തടയാൻ നിയമനിർമാണം നടത്തണമെന്നാണ് സമിതിയുടെ ശുപാർശയെങ്കിലും ശിക്ഷ പിഴ മാത്രമാണെന്നതിനാൽ ഈ നിർദേശം നടപ്പാക്കിയാൽ പാടം നികത്തൽ ത്വരിതപ്പെടാൻ സാധ്യതയുണ്ട്. വയലിന്റെയും പുരയിടങ്ങളുടെയും വില ജില്ലാ കളക്ടർ നിർണയിക്കണമെന്നാണ് നിർദേശം. നെല്ലും കാലിക, വാർഷിക വിളകളും ഉൾപ്പെടുന്ന ആവർത്തന കൃഷിരീതി നടപ്പാക്കുന്ന

ത് സഹായിക്കാൻ കേരള ഭൂവിനിയോഗ നിയമം പരിഷ്കരിക്കണമെന്നും സമിതി ചൂണ്ടിക്കാട്ടുന്നു.

ചുരുങ്ങിയത് അര ഹെക്ടർ സ്ഥലത്തെങ്കിലും നെൽകൃഷി ചെയ്യുന്നവരെയും പ്രധാന വരുമാനം കൃഷിയിൽ നിന്നു ലഭിക്കുന്നവരെയും മാത്രമേ നെൽകർഷകരായി കണക്കാക്കാൻ പാടുള്ളൂ. സ്ഥലമുടമ നേരിട്ടല്ല കൃഷിയെങ്കിലും പകരം ആളെ ഇതിനായി നിയോഗിക്കാവുന്നതാണ്. സർക്കാർ ധനസഹായം അടക്കമുള്ള ആനുകൂല്യങ്ങൾ ഇതുവഴി കർഷകന് നേരിട്ട് ലഭ്യമാക്കാൻ കഴിയും. നെൽകൃഷിയോട് താൽപര്യമില്ലാത്തവരിൽ നിന്ന് പാടം വാങ്ങാനായി കർഷകത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകണം. കുടുംബാംഗങ്ങൾ ചേർന്ന് കൃഷി ചെയ്യുമ്പോൾ കൂലിയിനത്തിലുള്ള ചെലവ് കാര്യമായി കുറയ്ക്കാൻ കഴിയും. ഓരോ കാലത്തും 20 ദിവസമെങ്കിലും വയലിൽ പണിയെടുക്കുന്നവരെ കർഷകത്തൊഴിലാളിയായി കണക്കാക്കാം.

സമൂഹത്തിലെ മാന്യതക്കുറവാണ് ചെറുപ്പക്കാരെ കാർഷികവൃത്തിയിൽ നിന്നും തൊഴിലിൽ നിന്നും അകറ്റി നിർത്തുന്നത്. കൃഷിയില്ലാത്ത കാലത്ത് തൊഴിൽ കിട്ടില്ലെന്നതും ഇതിനു കാരണമാവുന്നു. കർഷകനെപ്പോലെ കർഷകത്തൊഴിലാളിയും അരിയുൽപാദനത്തിൽ മുഖ്യപങ്ക് വഹിക്കുന്നുണ്ടെന്ന വസ്തുത കമ്മിറ്റി അംഗീകരിച്ചു. സാങ്കേതിക മുന്നേറ്റത്തിന്റെ ഫലം ഇവർക്കു ലഭിക്കാനായി കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും ഇവർക്ക് പരിശീലനം നൽകണം. യന്ത്രങ്ങൾ വാങ്ങാനായി സാമ്പത്തിക സഹായവും ലഭ്യമാക്കണം. കാർഷിക യന്ത്രവൽകരണവുമായി തൊഴിലാളി സംഘടനകൾ സഹകരിക്കണമെന്നും റിപ്പോർട്ടിൽ അഭ്യർഥിക്കുന്നുണ്ട്.

★

# ഇരുട്ടിൽ നിന്നു അത്ഭുത പ്രകാശത്തിലേക്കു

**ബി. ജെ. ക്ലാർക്ക്**

പൂർണ്ണമായ അന്ധത ഏതുപോലെയിരിക്കും എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? തികച്ചും ഇരുട്ടിൽ ജീവിക്കാൻ കഴിയുമെന്നു നിങ്ങൾ ഊഹിക്കുന്നുണ്ടോ ? എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, അനേകം പേർ ഇന്നു ഈ വികലമാക്കപ്പെട്ട അവസ്ഥയിലാണ് ജീവിക്കുന്നതു. മനോഹരമായ സൂര്യോദയമോ അസ്തമയമോ അവർക്കു ഒരിക്കലും കാണാൻ കഴിഞ്ഞിട്ടില്ല. ദൈവം സൃഷ്ടിച്ച പ്രകൃതിയിലെ നിറഭേദങ്ങൾ എന്തെന്നു പോലും അവർക്കു ദൃശ്യമല്ല. ദൈവത്തിന്റെ നിർമ്മാണ മഹത്വം വിളിച്ചോതുന്ന കുന്നിൻ നിരകളും, താഴ്വരകളും പർവ്വതങ്ങളും നദികളും സൂര്യപ്രകാശവും, പകലും രാത്രിയും ഒന്നും ശരിയായി കണ്ടു ആസ്വദിക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. എന്തിനേറെ മനുഷ്യന്റെ പുഞ്ചിരിയോ മണവാട്ടിയുടെ മനോഹാരിതയോ അവർക്കു തിരിച്ചറിയാൻ സാധിക്കുന്നില്ല. എന്നാൽ കഴ്ച്ചയുള്ള നാം എത്ര ഭാഗ്യവാന്മാരാണ് ! നാം അതിനു നമ്മുടെ സൃഷ്ടി കർത്താവായ ദൈവത്തിനു എപ്പോഴും നന്ദിയുള്ളവരായിരിക്കണം.

ഭൗതികമായി കാഴ്ച്ചയില്ലാതിരുന്ന കുരുടന്മാരെ യേശു സൗഖ്യമാക്കികൊണ്ടു അവരെ ഇരുട്ടിൽ നിന്നു അത്ഭുത പ്രകാശത്തിലേക്കു അവൻ മാററി (മത്തായി 9:27-31; 12:22; മർക്കൊസ് 8:22-30). ദീർഘകാലം അന്ധതയിൽ കഴിഞ്ഞിട്ടു വലിയ വെളിച്ചം കാണുവാൻ കഴിയുന്നതിനെ കുറിച്ചു നിങ്ങൾക്കു സങ്കല്പിക്കാമോ ? യേശു സൗഖ്യപ്പെടുത്തിയ കുരുടന്മാർക്കു കാഴ്ച്ച ലഭിച്ചപ്പോൾ അവർക്കു എന്തുമാത്രം സന്തോഷം ഉണ്ടായി കാണും ! ഇരുട്ടിന്റെ ലോകത്തിൽ ബന്ധിതരായിരുന്ന ആ

ളുകൾക്കു എന്നെങ്കിലും ഒരു മോചനം കിട്ടി വെളിച്ച ലോകത്തിലേക്കു പ്രവേശിക്കാൻ കഴിഞ്ഞെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. ഭൗതികമായ അന്ധത ദുഃഖകരമാണ്; അപകടം പതിയിരിക്കുന്നതുമാണ്. ആത്മീയ അന്ധത അവർക്കു നിത്യമായ ദുഃഖത്തിലേക്കു നയിക്കാൻ സാദ്ധ്യതയുണ്ട്.

തിരുവെഴുത്തിൽ പ്രതിപാദിച്ചിട്ടുള്ള ആത്മീയ അന്ധത, ഭൗതിക അന്ധതയേക്കാൾ വളരെയധികം ദുഃഖകരമത്രേ. നഷ്ടപ്പെട്ടവരുടെ മനസ്സു പിശാച് കുരുടാക്കി വെച്ചിരിക്കയാണ്. തൻനിമിത്തം സുവിശേഷത്തിന്റെ പ്രകാശനം അവർക്കു അന്യമായിരിക്കുന്നു (2 കൊരിന്ത്യർ 4:4). ക്രിസ്തീയ കൃപാവരങ്ങൾ കുറവുള്ളവർക്കു കാഴ്ച്ച ശക്തി നഷ്ടമാകുന്നു എന്നു പത്രോസ് തന്റെ ലേഖനത്തിൽ വിവരിക്കുന്നുണ്ട് (2 പത്രോസ് 1:9). സഹോദരനെ പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ടു അവന്റെ കണ്ണു കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്നു അവൻ അറിയുന്നില്ല (1 യോഹന്നാൻ 2:11). ആത്മീയ ഇരുട്ടിൽ സഞ്ചരിക്കുന്നവർ ദിശ കണ്ടെത്താതെ അലയുന്നുവെന്നു തിരുവചനം വെളിപ്പെടുത്തുന്നു (സദൃശവാക്യങ്ങൾ 4:19). ഒരിക്കൽ നാം എല്ലാവരും ആത്മീയ ഇരുട്ടിൽ ആയിരുന്നു. ഇരുട്ടിൽ ഉള്ളവർക്കു വെളിച്ചം ആവശ്യമാണ്. ഈ ഇരുണ്ട ലോകത്തിൽ നമുക്കു വെളിച്ചം ലഭിക്കുവാൻ മൂന്നു ഉറവിടം ഉണ്ട് എന്നതു സന്തോഷകരമത്രേ.

**1. ദൈവം വെളിച്ചമാണ്.** ഈ വസ്തുതയെ സ്ഥിരീകരിക്കുന്ന പല വാക്യങ്ങൾ ഉണ്ട്. ദാവീദു അതു കണ്ടെത്തി പറയുന്നതു: യഹോവേ നീ എന്റെ ദീപമാകുന്നു. യഹോവ് എന്റെ അന്ധകാരത്തെ പ്രകാശമാക്കും (2 ശമൂവേൽ 22:29). ദാവീദ് തന്റെ സങ്കീർത്തനങ്ങളിൽ ഇതു ആവർത്തിച്ചു പറയുന്നുണ്ട് (സങ്കീർത്തനങ്ങൾ 18:28;27:1 36:9). യേശുവിന്റെ പ്രിയ ശിഷ്യനായിരുന്ന യോഹന്നാ

ൻ ഈ സത്യത്തെ രേഖപ്പെടുത്തിയിട്ടുണ്ട്. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ പിടിച്ചടക്കിയില്ല (യോഹന്നാൻ 1:5). ദൈവം വെളിച്ചമാകുന്നു; ഇരുട്ടിന്റെ ഒരു കണിക പോലും അവനിൽ ഇല്ല. ദൈവ സ്വഭാവത്തിന്റെ സമ്പൂർണത വെളിച്ചത്തിൽ അടങ്ങിയിരിക്കുന്നു. ക്രിസ്ത്യാനികളെ ദൈവം ഇരുട്ടിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു വിളിച്ചിരിക്കയാണ് (1 പത്രൊസ് 2:9). ഒരിക്കൽ ക്രിസ്തുവിനോടുള്ള യഥാർത്ഥ കൂട്ടായ്മയിലായി കഴിഞ്ഞാൽ ഒരിക്കലും നമുക്കു ഇരുട്ടിൽ നടക്കാൻ സാദ്ധ്യമല്ല (1 യോഹന്നാൻ 1;6). ദൈവവുമായുള്ള കൂട്ടായ്മയിൽ നിരന്തരമായി വസിക്കണമെങ്കിൽ നാം വെളിച്ചത്തിൽ നടക്കണം (1 യോഹന്നാൻ 1:7). ഇരുട്ടു, യാത്രക്കു തടസം ഉണ്ടാക്കുന്നു എന്നു ആർക്കാണ് അറിയാൻ കഴിയാത്തത് ?

**2. യേശു വെളിച്ചമാകുന്നു.** പിതാവായ ദൈവം വെളിച്ചമാണെന്നു പറഞ്ഞ അതേ ലേഖകൻ തന്നെ ദൈവപുത്രനായ ക്രിസ്തുവും വെളിച്ചമാണെന്നു പറയുന്നു. യോഹന്നാൻ സ്നാപകൻ യേശുവിനു വഴി ഒരുക്കുവാനും അവനു സാക്ഷ്യം പറയുവാനും വന്നവനായിരുന്നു. അവൻ വെളിച്ചമായിരുന്നില്ല. എന്നാൽ യേശു എന്ന വെളിച്ചത്തിനു അവൻ സാക്ഷിയായി തീർന്നു. സത്യ വെളിച്ചം ലോകത്തിലേക്കു വരേണ്ടിയിരുന്നു (യോഹന്നാൻ 1:5-9). യേശുക്രിസ്തു പിന്നീട്, താൻ ലോകത്തിന്റെ വെളിച്ചമാണെന്നു പ്രഖ്യാപിക്കയുണ്ടായി. യേശു പിന്നെയും അവരോടു സംസാരിച്ചു; ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു (യോഹന്നാൻ 8:12). അവൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിനു വെളിച്ചമാകുന്നു എന്നു പിന്നീടു അവൻ പറയുന്നുണ്ട് (യോഹന്നാൻ 9:5). ആത്മീയ അന്ധതയിൽ ത

പ്പി നടക്കുന്നവർക്കു പ്രകാശത്തിന്റെ ഉറവിടമായിട്ടാണ് യേശു വന്നതു. ആ വെളിച്ചം സ്വീകരിക്കുന്നവർ അവനെ പിൻപററിയാൽ അവരെ ഇരുട്ടിന്റെ പിടിയിൽ നിന്നു വിടുവിച്ചു രാജ്യത്തിന്റെ വെളിച്ചത്തിൽ ആക്കി വെക്കുന്നു (കൊലൊസ്സ്യർ 1:13; 1 പത്രൊസ് 2:9).

**3. പരിശുദ്ധാത്മാവിന്റെ വചനങ്ങൾ വെളിച്ചമാകുന്നു.** യഹോവയുടെ ന്യായപ്രമാണം നിർമ്മലമാകുന്നു; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു (സങ്കീർത്തനങ്ങൾ 19:8). വചനം എന്റെ കാലിനു ദീപവും പാതക്കു പ്രകാശവുമാകുന്നു. നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അതു അല്പ ബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു. കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവുമാകുന്നു. പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗമാകുന്നു. പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന മനുഷ്യർക്കു ആത്മീയ വെളിച്ചം നല്കുന്നതാണ് ദൈവശ്വാസീയമായ വചനം. അതുപോലെ ഒരു ദൈവ പൈതലിനു ദൈവത്തോടുകൂടെ തുടർന്നു നടക്കുവാൻ പ്രകാശമായി ദ്യോതിപ്പിക്കുന്നതുമാണ്.

സാത്താൻ മനുഷ്യരെ ഇരുട്ടിൽ കഴിയാൻ പ്രചോദിപ്പിക്കുമ്പോൾ അവർക്കു പ്രകാശം കാണിച്ചു സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചു കൊടുക്കുകയാണ് ആത്മാവിന്റെ വചനം. ദിശ നഷ്ടപ്പെട്ടവർക്കു കാഴ്ച്ച തിരിച്ചു കിട്ടുവാൻ സത്യവെളിച്ചമാണ് ആവശ്യം. നിത്യജീവങ്കലേക്കു പ്രകാശിക്കുവാൻ ശക്തമായ പ്രകാശമാകുന്ന വചനം നിങ്ങൾ അനുസരിക്കുകയാണെങ്കിൽ വെളിച്ചത്തിന്റെ ഫലം നിങ്ങൾക്ക് അനുഭവിക്കാം.

# യുവാവായ എന്നെ നിങ്ങൾ സഹായിക്കുമോ ?

**അലെൻ വെബ്സ്റ്റർ**

ജീവിതത്തിൽ വളരെ പ്രയാസപ്പെട്ട സന്ദർഭത്തെ ഞാൻ അഭിമുഖീകരിച്ചിട്ടുണ്ട്. ത്സരം കൂടാതെ തന്നെ സ്വതന്ത്രനായി ജീവിക്കാൻ ഞാൻ ക്ലേശിക്കുന്നു. എല്ലായ്പ്പോഴും നല്ലതു മാത്രം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും എനിക്കതു പലപ്പോഴും വ്യക്തമാകുന്നില്ല. എന്റെ സ്നേഹിതന്മാർക്കിടയിൽ നല്ലൊരു മാതൃകയുള്ള ജീവിതം നയിക്കാൻ ഞാൻ ഇച്ഛിക്കുന്നു. എങ്കിലും എന്റെ വെളിപ്പെടുത്തലുകളും ഞാൻ പ്രിയപ്പെടുന്നു; ഞാൻ ക്രിസ്ത്യാനിത്വത്തെ ഇഷ്ടപ്പെടുന്നു. എന്നാൽ ലോകത്തിന്റെ വില അതി ശക്തമാണ്.

**ഒരു യുവാവെന്ന നിലയ്ക്കു നിങ്ങൾ എന്നെ പ്രോത്സാഹിപ്പിക്കണം.** കൗമാര പ്രായം ഏതു പോലെ ഇരിക്കും എന്നതു നിങ്ങൾ ഒരുപക്ഷെ മറന്നു പോയിരിക്കാം. എന്നാൽ അതു നിരുത്സാഹ സമയമാണ്. കുമാരന്മാർക്കു സ്വയമായി താങ്ങുവാൻ പററാത്ത സമയമാണത്. ഞാൻ ഒരു തെററു ചെയ്യുമ്പോൾ അതിൽ നിന്നും കൂടുതൽ പുറപ്പെടുവിക്കുമാറാകുന്നു. ഞാൻ ഏതെങ്കിലും നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ ഞാൻ ബഹുമാനിക്കുന്ന പ്രായമുള്ളവർ എന്നെ ഒന്നു തലോടി പ്രശംസിച്ചാൽ തൃപ്തനാണ്. എല്ലാവരും തെററു ചെയ്യുമെന്നും ഞാൻ അറിയേണ്ടതുണ്ട്.

യുവാക്കളും ക്ഷീണിച്ചു വിളറി അവരുടെ ജീവിതത്തിൽ അമ്പേ പരാജയപ്പെടാറുണ്ട്. ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും; യൌവനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും;

അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും (യെശയ്യാവ് 40:30-31). പൌലൊസ് പറയുന്നു: പിതാക്കന്മാരേ, അവർ അധൈര്യപ്പെടാതിരിക്കേണ്ടതിനു നിങ്ങൾ മക്കളെ കോപിപ്പിക്കരുത് (കൊലൊസ്യർ 3:21).

**എന്നെ ഉപദേശിക്കുക.** ചിലപ്പോൾ എനിക്കു എല്ലാം അറിയാം എന്നപോലെ നടിച്ചു കൊണ്ടു ഞാൻ പ്രവർത്തിച്ചേക്കാം. എങ്കിലും ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. ബൈബിൾ പഠിക്കുക എന്നതാണ് എന്റെ ഏറ്റവും വലിയ ആവശ്യം. വർഷങ്ങളായി നിങ്ങൾ മനസിലാക്കിയിട്ടുള്ള അടിസ്ഥാന സത്യങ്ങൾ എനിക്കു അറിഞ്ഞുകൂടാ. സ്നാനമേല്ക്കുവാനുള്ള പ്രായമാകുമ്പോൾ തിരിച്ചറിവുണ്ടാകുവാൻ അതു സഹായിക്കും. ക്രിസ്തു എന്താണ് എന്റെ ജീവിതത്തിൽ നിന്നും ആഗ്രഹിക്കുന്നതു എന്നു എനിക്കറിയണം. ഞാൻ എങ്ങനെ പ്രവർത്തിക്കണമെന്നാണ് കർത്താവിന്റെ പ്രതീക്ഷ ? എന്താണ് ശരി ? എന്താണ് തെറ്റ് ?

എവിടെ, എന്തുകൊണ്ടാണ് ഒരു യുവാവ് ശുദ്ധീകരിക്കപ്പെടേണ്ടത് ? ബൈബിളിനോടുള്ള ബന്ധത്തിൽ എന്റെ ജീവിതം സൂക്ഷിക്കേണ്ടതു എങ്ങനെ ? ഞാൻ എന്റെ പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ അന്വേഷിച്ചു കണ്ടെത്തണം. ദൈവത്തിന്റെ കല്പനകളെ വിട്ടു അലഞ്ഞു നടക്കുവാൻ എന്നെ അനുവദിക്കരുത്. ദൈവ വചനം എന്റെ ഹൃദയത്തിൽ സൂക്ഷിക്കുവാൻ എന്നെ സഹായിക്കണം. എന്റെ പാദങ്ങൾക്കു പ്രകാശം ആവശ്യമാണ്. ഞാൻ വെളിച്ചം കണ്ടുകൊണ്ടു നടക്കണം. ദൈവത്തോടു പാപം ചെയ്യാതിരിക്കാൻ അവന്റെ വചനം എന്നിൽ നിലനിർത്തണം (സങ്കീർത്തനങ്ങൾ 119:9-11). സദൃശവാക്യങ്ങളിൽ നല്ലൊരു പങ്ക് യുവാക്കൾക്കു അറിവും വിവേകവും നല്കേണ്ടതിനാണ് ശലോമോൻ എഴുതിയിരിക്കുന്നതു.

കാണിച്ചു തരിക. നിങ്ങളുടെ നിർദ്ദേശങ്ങളെ അഭിനന്ദനത്തോടെ സ്വീകരിക്കാം. നിങ്ങൾ എനിക്കു മാതൃക കാണിച്ചു തന്നാൽ എളുപ്പത്തിൽ എനിക്കു മനസിലാകും. നിങ്ങളുടെ ചുണ്ടുകളെക്കാൾ നിങ്ങളുടെ ജീവിതമാണ് നല്ലൊരു അദ്ധ്യാപകൻ. അനുകരിക്കാവുന്ന മാതൃകയാണ് എനിക്കാവശ്യം. ക്രിസ്തുവിൻെറ സുവിശേഷത്തെ മാനിക്കുന്ന പ്രായപൂർത്തിയായവരെ കാണുമ്പോൾ ആ വഴിയുടെ അർത്ഥം എനിക്കു ഗ്രഹിക്കാൻ പററും. നിങ്ങൾ ദൈവത്തെ ആരാധിക്കുന്നതിലും, ദൈവ വചനം പഠിക്കുന്നതിലും നിങ്ങൾ ചെലുത്തുന്ന പ്രാധാന്യം കാണുമ്പോൾ അതു എന്നിൽ താല്പര്യം ജനിപ്പിക്കും. ശരിയായി ജീവിക്കേണ്ടതിനു നിങ്ങൾ സഹിക്കുന്ന ത്യാഗം കണ്ടാൽ എന്നോടു ത്യാഗം സഹിക്കാൻ പറയാതെ തന്നെ അതിൻെറ ആവശ്യകത മനസിലാകും. അതെന്നെ അസഹ്യപ്പെടുത്തുകയില്ല.

മകനേ, നിൻെറ ഹൃദയം എനിക്കു തരിക. എൻെറ വഴി നിൻെറ കണ്ണിനു ഇമ്പമായിരിക്കട്ടെ (സദൃശവാക്യങ്ങൾ 23:26). എന്നിൽ ഇനി എന്താണ് കുറവ് എന്നു യേശുവിനോടു ഒരു യുവാവു ചോദിക്കയുണ്ടായി. അതിനു യേശു പറഞ്ഞു: നീ സൽഗുണ പൂർണ്ണൻ ആകുവാൻ ഇഛിക്കുന്നുവെങ്കിൽ നിനക്കുള്ളതു എല്ലാം വിററു ദരിദ്രന്മാർക്കു കൊടുക്ക. അങ്ങനെ ചെയ്താൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു (മത്തായി 19:20-21). മുൻഗണനാക്രമം അനുസരിച്ചു ഓരോ കാര്യങ്ങൾ ചെയ്യുവാനാണ് കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ദൈവം, ആദ്യം ചെയ്യുവാൻ പറയുന്നതു നാം ആദ്യം ചെയ്യണം. നമ്മുടെ സ്വന്ത ഇഷ്ട പ്രകാരം മുൻഗണനയെ മാററരുത് എന്നർത്ഥം.

**എന്നെ തിരുത്തുക** നിങ്ങൾ ഇതു എന്നിൽ കാണുവാൻ നിങ്ങൾ ഇച്ഛിക്കുന്നുവോ ? എന്റെ ജീവിതത്തിൽ അച്ചടക്കം എന്നതു ഒരു പഠനം എന്ന രീതിയിലേ ഞാൻ കണ്ടിട്ടുള്ളു. പക്ഷെ എനിക്കതു പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എന്നു കാണിക്കുന്നതാണ് തിരുത്തൽ. എനിക്കു അതിരുകൾ വേണം. നന്മയും തിന്മയും, സത്യവും അസത്യവും, ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം എനിക്കു മനസിലാകണം. ഞാൻ ഇതിൽ നിങ്ങളെ പരീക്ഷിക്കും. നിങ്ങൾ എനിക്കു വെച്ചിരിക്കുന്ന അതിരുകൾക്കപ്പുറം എന്താണ് സംഭവിക്കുന്നതെന്നു എനിക്കറിയണം. നിങ്ങൾ നിങ്ങളുടെ നിയന്ത്രണങ്ങളിൽ തന്നെ തുടർന്നു പോകുമ്പോൾ അതിൽ നിങ്ങളുടെ ഉറപ്പ് എനിക്കു മനസിലാക്കാൻ കഴിയും.

ബാലനു ശിക്ഷ കൊടുക്കാതിരിക്കരുത് (സദൃശവാക്യങ്ങൾ 23:13). ബാലന്റെ ഹൃദയത്തോടു ഭോഷത്വം പറ്റിയിരിക്കുന്നു; ശിക്ഷക്കുള്ള വടി അതിനെ അവനിൽ നിന്നു അകററി കളയും (സദൃശവാക്യങ്ങൾ 22:15). വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെക്കുന്നു. അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു.

ഈ വിഷമ സന്ധിയിൽ എന്നെ സഹായിച്ച് എന്റെ ജീവിതം അനുഗ്രഹ പ്രദമാക്കിയതിനു ഞാൻ എന്നും നന്ദിയുള്ളവനായിരിക്കും.

★

# ക്രിസ്തു നിമിത്തം നിങ്ങൾ ഉപദ്രവിക്കപ്പെട്ടിട്ടുണ്ടോ ?

എൽവുഡ് ഹോൾട്ട്

ഇതു വായിക്കുന്ന ഏതെങ്കിലും ഭവനത്തിൽ ദുഃഖം കടന്നു വന്നിട്ടുണ്ടോ എന്നു ഞാൻ ചിന്തിച്ചു വിസ്മയിക്കുന്നു. അങ്ങനെയെങ്കിൽ നിങ്ങൾ മാത്രമല്ല അത്തരം അനുഭവക്കാർ എന്നു ഓർക്കുക. മരണം നമ്മുടെ കുടുംബത്തിൽ മാത്രമാണ് സംഭവിക്കുന്നതെങ്കിൽ നമുക്കു ദൈവത്തെ കുററപ്പെടുത്താം. കാരണം അതു അനീതിയാണ്. പക്ഷേ ദൈവം മുഖപക്ഷം നോക്കുന്നവനല്ല. മുഖം നോക്കി കാര്യങ്ങളെ കാണുന്നവനുമല്ല. ഉയർന്നവരെയും താഴ്ന്നവരെയും ഒരേ രീതിയിലാണ് ദൈവം കാണുന്നത്. പൊതുവായ ഒരു സത്യമാണ് അതു.

നമ്മുടെ ലോകത്തിന്റെ ഇന്നത്തെ ആത്മീയത എവിടെ നില്ക്കുന്നു എന്ന് നിങ്ങൾ എപ്പോഴെങ്കിലും ഒന്നു ചിന്തിച്ചിട്ടുണ്ടോ ? നാം ചില പുരോഗമനം അവകാശപ്പെടുന്നുണ്ടെങ്കിലും അവിശ്വസ്തതയും ആത്മീയ അലസതയും എവിടെ നോക്കിയാലും കാണാം. ശരാശരി വ്യക്തികളിലെല്ലാം കാണുന്ന പ്രത്യേകത ഈ കാര്യത്തിൽ കരുതലില്ലായ്മയാണ്. അല്ലെങ്കിൽ അതൊന്നും സാരമില്ല എന്ന തോന്നലാണ് അവരിലുള്ളത്. ഇരുപതാം നൂററാണ്ടിന്റെ ശാപമായി മാറിയ പ്രസ്താവന എന്തെന്നാൽ "എനിക്കു സമയമില്ല എന്നതാണ്. ശക്തമായ ഒരു ഉപദ്രവത്തിനു ഈ കറുത്തിയ്യത്തെ ഉരുക്കുവാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടോ ? നീതിമാന്മാർക്കു ഉപദ്രവം നല്ലതാണെന്നു ചിലർ പറയുന്നുണ്ട്. അവ വിലപിടിപ്പുള്ള രത്നങ്ങളാലുള്ള ആശിർവ്വാദമെന്നു അവർ പറയുന്നു. രക്തസാക്ഷികളുടെ രക്തം ദൈവ രാജ്യത്തിന്റെ വിത്തു പോലെയാണെന്നു പറയാം. അതിൽ നിന്നും വളർച്ച സു

നിശ്ചയം. ദൈവ ജനത്തെ ഉപദ്രവിക്കുന്നതാണ് സാത്താന്റെ തെറ്റ്. അവൻ തന്റെ സ്വന്തം കഴുത്ത് അറുക്കുകയാണ്.

പീഡനത്തിന്റെ ഫലമായി ആളുകൾ ഒത്തൊരുമിക്കുകയാണ്. തല്ക്കാലം അവർ ചിന്നി ചിതറിയേക്കാമെങ്കിലും പിന്നീട് അവർ യോജിക്കുന്നു. തൽഫലമായി അവർക്കിടയിൽ ഐക്യമത്യം വളർന്നു വരും. ഐക്യമത്യം മഹാബലം തന്നെ. വെള്ളം കലങ്ങിയാലേ അനേകരിലുള്ള മാഹാത്മ്യം വെളിവാകയുള്ളു. എതിർപ്പെന്ന തീച്ചൂളയിലൂടെ പുറത്തു വരുന്നവർ ജ്യോതിസ്സുകളെ പോലെ പ്രശോഭിക്കും. ചില ആളുകളുടെ കഴിവുകൾ അവരെ വിളിച്ചു വരുത്തി പ്രദർശിപ്പിക്കുന്നതുവരെ തിരിച്ചറിയുകയോ പ്രശംസിക്കപ്പെടുകയോ ഇല്ല.

കർത്താവിന്റെ സഭ ദൈവം ഒരു വെള്ളിത്താലത്തിൽ നമ്മുടെ കൈകളിൽ തന്നതല്ല. യേശുക്രിസ്തുവിന്റെ കാൽപാടുകളെ പിൻപറ്റിയതായ ശിഷ്യന്മാർക്കു ആർക്കും അവരുടെ പാത സുഗമമായിരുന്നില്ല. അതു ബൈബിൾ പരിശോധിച്ചാലും ചരിത്രം പരിശോധിച്ചാലും മനസിലാകും. നമുക്കുള്ളതുപോലെ ആഡംബര ജീവിതം അവർക്കില്ലായിരുന്നു. അവർക്കു സ്വന്തം വീടുപോലും ഉണ്ടായിരുന്നില്ല. അവർ ചുറ്റി നടക്കുകയായിരുന്നു. ആകാശ മേഘങ്ങൾക്കടിയിൽ അവർ കിടന്നുറങ്ങി. അതിൽ അവർ ആശ്വാസം കണ്ടെത്തി. അവരുടെ കാലയളവിലെ ദൂഷകന്മാരുടെ നിരന്തരമായ പീഡനത്തിനു അവർ ഇരയായി തീർന്നിരുന്നു. യെരുശലേമിൽ ആരംഭിച്ചതായ സഭ വലിയൊരു സംഭവത്തിനു സാക്ഷ്യം വഹിച്ചവരായിരുന്നു. പെന്തെക്കൊസ്തു നാളിൽ ആയിരക്കണക്കിനു ആളുകൾ കർത്താവിന്റെ കല്പനകൾ അനുസരിച്ചു.

യെരുശലേമിൽ ആരംഭിച്ച സഭ ആത്മ സംതൃപ്തിയടഞ്ഞിരുന്നു. അന്നുണ്ടായിരുന്ന തീക്ഷ്ണത ഇന്നു നഷ്ട

പ്പെട്ടിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അന്നത്തെ ആ കാഴ്ച്ചപ്പാട് സഭയ്ക്കു ഇന്നുണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്. ശരിയായ ദിശ ഇല്ലാത്തതുകൊണ്ടു ആളുകൾ നശിച്ചു പോകുന്നുണ്ട്. നമ്മുടെ സ്വന്ത കാഴ്ച്ചപ്പാടിനപ്പുറമായി ഒരംശംപോലും അതിനെ ഉയർത്തുന്നില്ല. പരാജയത്തിൻെറ ആത്മാവിനെയല്ല ദൈവം നമ്മിൽ തന്നിരിക്കുന്നത്. പിന്നെയോ ജയാളിയായ ക്രിസ്തുവിൻെറ ആത്മാവിനെയാണ്. ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ, അവൻെറ സഹായത്തോടെ നമുക്ക് എല്ലാ കാര്യങ്ങളും ചെയ്യുവാൻ കഴിയും. ശിഷ്യന്മാർക്കു കാര്യങ്ങൾ എളുപ്പമായിരുന്നില്ല. അവർ കഷ്ടം സഹിച്ചു നിന്നു. അവസാനം ദുഷ്ട മനുഷ്യരുടെ ഭീകര പ്രവൃത്തികളാൽ അവർ മരിക്കേണ്ടി വന്നു. അതും ലജ്ജാകരമായ മരണം അവർ ക്രിസ്തു നിമിത്തം സഹിച്ചു.

യേശുക്രിസ്തു ദൈവ പുത്രനായിട്ടും കഷ്ടത അവനെയും പിടികൂടിയിരുന്നു. അവസാനം ദുഷ്കർമ്മികളാൽ അവൻ ക്രൂശിൽ തറെച്ചു കൊല്ലപ്പെട്ടു. എന്നാൽ അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേററു സ്വർഗ്ഗാരോഹണം ചെയ്തു. അവൻെറ വിലപ്പെട്ട അപ്പൊസ്തലന്മാർ അഭിമുഖീകരിച്ചതു ദുഷ്ട ലോകത്തെയായിരുന്നു. വർഷങ്ങളോളം ഉപദ്രവം ഏററശേഷമാണ് അവർ തങ്ങളുടെ കർത്താവിനോടൊപ്പം ചെന്നു ചേർന്നത്.

ചരിത്രം അവരുടെ മരണത്തെ വിശദീകരിച്ചിരിക്കുന്നു. എത്യോപ്യയിൽ മത്തായി വധിക്കപ്പെട്ടു. മർക്കൊസിനെ മരിക്കുവോളം അലെക്സന്തരിയയിലെ തെരുവുകളിലൂടെ വലിച്ചിഴച്ചു. ഗ്രീസിൽ വെച്ച് ലൂക്കൊസിനെ ഒരു ഒലിവു മരത്തിൽ തൂക്കി കൊന്നു. രോമിൽ വെച്ച് തിളച്ച എണ്ണയിൽ ഇടുകയായിരുന്നു യോഹന്നാനെ. എന്നാൽ മരണത്തിൽ നിന്നു രക്ഷപെട്ടു അവസാനം ആസ്യയിലെ എഫെസൊസിൽ വെച്ച് സ്വാഭാവികമായി മരിച്ചു. ചെറിയ യാക്കോബിനെ ദേവാലയത്തിൻെറ അഗ്രത്തിൽ

നിന്നു താഴേക്കു എറിഞ്ഞ ശേഷം ഗദകൊണ്ട് അടിച്ചുകൊന്നു. അന്ത്രയോസിനെ അവൻ പ്രസംഗിച്ച സ്ഥലത്തു ഒരു കുരിശിൽ ബന്ധിച്ചു മരിക്കുവോളം ഇട്ടിരുന്നു. തോമസ് കുതിര പടയാളികളുടെ കുന്തത്തിനിരയായി. ബർത്തലൊമായിയെ ജീവനോടെ തോലുരിച്ച് കൊന്നു. യൂദയെ അമ്പുപ്രയോഗിച്ചുകൊന്നു. 'മത്ഥിയാസിനെ കല്ലെറിയുകയും പിന്നീട് തല ഛേദിക്കുകയും ചെയ്തു. പാർസിയിൽ വെച്ച് ശിമോനെ ക്രൂശിൽ തറെച്ചുകൊന്നു. അകാല പ്രജപോലെ, അവസാനം തിരഞ്ഞെടുത്ത പൌലോസിനെ റോമിൽ വെച്ചു ശിരഛേദം ചെയ്തു.

ഈ അവസ്ഥകൾ കണക്കിലെടുക്കുമ്പോൾ നാം ക്രിസ്തുവിനു വേണ്ടി എന്തെങ്കിലും കഷ്ടം ഏല്ക്കുന്നുണ്ടോ ? ഉപേക്ഷക്കായി നാം പല ഒഴിവുകഴിവുകൾ നിരത്തുന്നു എന്നു മാത്രം. ദൈവേഷ്ടത്തിനെതിരായി എന്തും സഹിക്കാൻ നാം തയ്യാറാവണം. ഞങ്ങളുടെ അവിശ്വാസത്തിൽ കരുണ കാണിക്കേണമേ എന്നാണ് നമ്മുടെ പ്രാർത്ഥന.

സഭ എന്നതു നാം വിചാരിക്കുന്നതിനേക്കാൾ അർത്ഥവത്താണ്. നമ്മുടെ വിശ്വാസം എത്ര വലുതായിരിക്കണം. കർത്താവിന്റെ സഭയെ നാം ഒരു കാരണത്താലും ഉപേക്ഷിക്കരുത്. നാം കർത്താവിനെ അന്വേഷിക്കാതെ കണ്ടെത്തുകയില്ല. യേശുക്രിസ്തുവിന്റെ കല്പനകൾ ഭാരമുള്ളവയല്ല. പക്ഷെ നാം വാസ്തവത്തിൽ അവനെ സ്നേഹിക്കുന്നു എങ്കിൽ അവന്റെ കല്പനകളെ കാത്തുകൊള്ളും. എന്റെ വചനത്തെ കാത്തുകൊള്ളുന്നവൻ ഒരിക്കലും മരണം കാണുകയില്ല (യോഹന്നാൻ 14:15; 8:51).

*

**YOUR ATTENTION PLEASE !**

## Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2:00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378